# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 2047 08.12.2014-ൽ മറുപടിയ്ക്കുണ്ടായിരുന്നത്

## മണിചെയിൻ, വിസാ തട്ടിപ്പ്, ഓൺലൈൻ തട്ടിപ്പ് കേസുകൾ

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ.സി.രവീന്ദ്രനാഥ് | ശ്രീ.രമേശ് ചെന്നിത്തല (ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ മണി ചെയിനുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; വിസാ തട്ടിപ്പ്, ഓൺലൈൻ തട്ടിപ്പ് എന്നിവ സംബന്ധിച്ച എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് ഇതുവരെ മണി ചെയിനുമായി ബന്ധപ്പെട്ട് 1248 കേസുകളും, വിസാ തട്ടിപ്പുമായി ബന്ധപ്പെട്ട് 680 കേസുകളും, ഓൺലൈൻ തട്ടിപ്പുമായി ബന്ധപ്പെട്ട് 75 കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) പ്രസ്തുത കേസ്സുകളിൽ പ്രതികളായ എത്രപേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്; എത്രപേർ അറസ്റ്റ് ചെയ്യപ്പെടാനുണ്ട്; വ്യക്താമാക്കുമോ; | (ബി) പ്രസ്തുത കേസുകളിൽ മണി ചെയിനുമായി ബന്ധപ്പെട്ട് 454 പേരെയും, വിസാ തട്ടിപ്പുമായി ബന്ധപ്പെട്ട് 547 പേരെയും, ഓൺലൈൻ തട്ടിപ്പുമായി ബന്ധപ്പെട്ട് 33 പേരെയും അറസ്റ്റ് ചെയ്തിട്ടുണ്ട്. കൂടാതെ മണി ചെയിനുമായി ബന്ധപ്പെട്ട് 514 പേരെയും, വിസാ തട്ടിപ്പുമായി ബന്ധപ്പെട്ട് 300 പേരെയും, ഓൺലൈൻ തട്ടിപ്പുമായി ബന്ധപ്പെട്ട് 68 പേരെയും ഇനിയും അറസ്റ്റ് ചെയ്യേണ്ടതായുണ്ട്. |
| (സി) മണി ചെയിനുമായി ബന്ധപ്പെട്ട് എത്ര രൂപയുടെ തട്ടിപ്പ് നടന്നെന്നാണ് കണക്കാക്കിയിരിക്കുന്നത്;വ്യക്തമാക്കുമോ? | (സി) മണി ചെയിനുമായി ബന്ധപ്പെട്ട് 1,09,97,30,633 രൂപയുടേയും, 37,59,005 രൂപയുടെ ചെക്കിന്റേയും തട്ടിപ്പ് നടന്നെന്നാണ് കണക്കാക്കിയിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ